## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 65 — 12.06.2013-ലെ മറുപടിക്ക്.

## ആർ.എസ്.ബി.വൈ. വഴി അപകട ഇൻഷ്വറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. പി. എ. മാധവൻ:<br>ശ്രീ. പാലോട് രവി:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആർ.എസ്.ബി. വൈ. പദ്ധതി വഴി എല്ലാ കുടുംബങ്ങൾക്കും അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) പദ്ധതിയിൽ അംഗങ്ങളായ കുടുംബത്തിലെ കുടുംബനാഥനോ/ നാഥയോ അപകടത്തിൽപ്പെട്ടാൽ 2 ലക്ഷം രൂപയുടെ ധനസഹായം അനന്തരാവകാശികൾക്ക് നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (സി) ആരെല്ലാമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ; | (സി) ആർ.എസ്.ബി.വൈ പദ്ധതിയിൽ അംഗത്വമുള്ള എല്ലാവരും കൂടാതെ ടി പദ്ധതിയുടെ ഗുണഭോക്താക്കളല്ലാത്ത ഗവൺമെന്റ് ജീവനക്കാർ/പെൻഷൻ വാങ്ങുന്നവർ, ആദായ നികുതി അടയ്ക്കുന്ന കുടുംബങ്ങൾ എന്നിവർ ഒഴികെയുള്ള എ.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും പുതിയ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) പദ്ധതി നടത്തിപ്പിന് ഇൻഷുറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച ടെൻഡർ നടപടികൾ നടന്നു വരുന്നു. |

Deepa

സെക്ഷൻ ഓഫീസർ